കെസിബിസി മീഡിയ



വത്തിക്കാൻ

# തരംഗം

Vol No.35 No.06 June 2025 Rs.5.00

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

***ജീസസ് ആന്റ് മേരി സന്യാസസഭ***

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

വത്തിക്കാൻ തരംഗം
VATHICAN THARANGAM
June - 2025
RN. 55 178/94
പുസ്തകം- 35
Monthly
ലക്കം-06

# ഉള്ളടക്കം

- എഡിറ്റോറിയൽ ... 04
- മാനവ സേവയാകണം ... 05
- മഹിതമാണ് ... 09
- ബഹുസ്വരസംഗീതം ... 11
- സമാധാനത്തിന്റെ ... 15
- ദൈവം വസിക്കുന്ന ... 18
- സാഹോദര്യത്തിന്റെ ... 20
- വാർത്തയും ചിന്തയും ... 22

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* ◆ ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ
- ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ




EDITORIAL

# ഈ ജൂബിലി വർഷത്തിൽ

പ്രത്യാശയുടെ തീർത്ഥാടകർക്ക് വളരെയധികം പ്രത്യാശ നൽകിയാണ് കത്തോലിക്കാ സഭയുടെ പുതിയ അമരക്കാരൻ ലെയോ പതിന്നാലാമൻ പാപ്പ കടന്നുവന്നത്. ഓരോ ദിവസവും പാപ്പാ നൽകുന്ന സന്ദേശങ്ങൾ ലോകശ്രദ്ധായാകർഷിക്കുന്നതാണ്. കത്തോലിക്കാ സഭയുടെ ഇടയനെന്ന നിലയിൽ രണ്ടു പ്രധാന ദൗത്യങ്ങളാണ് ഓരോ പാപ്പയും നിർവഹിക്കേണ്ടത്. ഒന്നാമത് ലോകമെമ്പാടുമുള്ള 140 കോടി കത്തോലിക്കാ വിശ്വാസികളുടെ ആത്മീയാചാര്യൻ എന്ന നിലയിൽ വിശ്വാസം കാത്തുസൂക്ഷിച്ച് മൂല്യങ്ങൾ കൈവിടാതെ, വിശ്വാസികളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുക. രണ്ടാമത് വത്തിക്കാൻ രാഷ്ട്രതലവൻ എന്ന നിലയിൽ രാജ്യാന്തര വിഷയങ്ങ ളിൽ മനുഷ്യത്വപരമായ, നീതി പക്ഷത്തുനിന്ന് നിലപാടുകളെടുത്ത് ലോകത്തിന് മേൽ ഒരു തിരുത്തൽ ശക്തിയായി, മനഃസാക്ഷിയുടെ സ്വരമായി നിലകൊള്ളുക എന്ന രാഷ്ട്രീയ ദൗത്യം. രണ്ടു കാര്യങ്ങളിലും പുതിയ പാപ്പ ലെയോ പതിനാലാമൻ ലോകത്തിന്റെ ശ്രദ്ധ നേടിക്കൊണ്ടിരിക്കുകയാണ്. റോമിൽ ജൂൺ 19-20 തിയ്യതികളിൽ നടന്ന രണ്ടാമത്തെ വാർഷിക കോൺഫറൻസ് ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എതിക്സ് ആൻഡ് കോർപ്പറേറ്റ് ഗവേണൻസ് എന്ന സമ്മേളനത്തിലേക്ക് അയച്ച സന്ദേശത്തിൽ കൃത്രിമ ബുദ്ധി പുതുതലമുറയുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയെ ബാധിക്കുമെന്ന് ലെയോ പതിനാലാമൻ പാപ്പ പറഞ്ഞു. "കൃത്രിമ ബുദ്ധി കുട്ടികളെയും യുവജനങ്ങളെയും അവരുടെ വളർച്ചയുടെ വഴിയിൽ സഹായിക്കേണ്ടതാണ്, തടസ്സപ്പെടുത്തേണ്ടതല്ല," AI-യുടെ നൈതികതയും ഉത്തരവാദിത്തപരമായ നിയന്ത്രണവും സംബന്ധിച്ച "ഗൗരവമുള്ള ചിന്തയും നിരന്തരമായ സംവാദവും" അനിവാര്യമാണെന്നും സന്ദേശത്തിൽ പറഞ്ഞു. "AI മനുഷ്യന്റെ മികവിന്റെ അതുല്യഫലം ആകുമ്പോഴും, ഇത് ഒടുവിൽ ഒരു ഉപകരണമാണ്," എന്ന ഫ്രാൻസിസ്' പാപ്പയുടെ വാക്കുകൾ ലെയോ പതിനാലാമൻ പാപ്പ ആവർത്തിച്ചു. കൃത്രിമബുദ്ധിയിലൂടെ മറ്റു മേഖലകളിലുണ്ടായ നേട്ടത്തെക്കുറിച്ചും പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിൽ എടുത്തു പറഞ്ഞു. കൃത്രിമ ബുദ്ധിയിൽ മാത്രം ആശ്രയിക്കാതെ ഓരോരുത്തരും അവരവരുടെ ബുദ്ധിയും കഴിവും ലോകനന്മയ്ക്കും വ്യക്തിപരമായ വളർച്ചയ്ക്കും ഉപയോഗപ്പെടുത്തട്ടെ എന്നാശംസിക്കാം. അതുവഴി ഈ തലമുറയ്ക്കും വരാനിരിക്കുന്ന തലുറയ്ക്കും പുതിയ വെളിച്ചം ലഭിക്കട്ടെ.



"AI is not a substitute for human intelligence; it is a tool to amplify human creativity and ingenuity." ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ




# മാനവ സേവയാകണം നിർമ്മിത ബുദ്ധിയുടെ ലക്ഷ്യം: ലെയോ പാപ്പ

SPECIAL REPORT



**ബാബു കദളിക്കാട്**

**വത്തിക്കാൻ:** നിർമ്മിത ബുദ്ധിയെ മനുഷ്യർക്ക് പകരമാക്കാനുള്ള അതിമോഹത്തിനെതിരെ മുന്നറിയിപ്പ് നൽകി ലെയോ പതിനാലാമൻ മാർപാപ്പ. 'സമത്വം പരിപോഷിപ്പിക്കുന്നതിനുള്ള മഹത്തായ വഴികൾ തുറന്നിടുന്ന സാങ്കേതിക വിദ്യയാണ നിർമ്മിത ബുദ്ധിയെങ്കിലും, ഒപ്പം മറ്റുള്ളവരെ ബലിയാടാക്കി സ്വാർത്ഥതാല്പര്യാർത്ഥം ദുരുപയോഗം ചെയ്യുന്നതിനും അതിലുപരി, അക്രമങ്ങൾ പരിപോഷിപ്പിക്കുന്നതിനും വഴിതെളിക്കുന്ന അപകടം തിരിച്ചറിയണം.'മനുഷ്യരെ സേവിക്കുകയാകണം നിർമ്മിത ബുദ്ധിയുടെ ദൗത്യമെന്നും മാനവ അന്തസ്സിന് അതു ഭീഷണിയായി മാറരുതെന്നും പാപ്പാ പറഞ്ഞു. നിർമ്മിതബുദ്ധിയെ അധികരിച്ച് റോമിൽ നടന്ന രണ്ടാം സമ്മേളനത്തിൽ സംബന്ധിക്കുന്നവർക്കായി നൽകിയ സന്ദേശത്തിലാണ് ഈ അതുല്യ സാങ്കേതിക വിദ്യയുടെ ഭാവാത്മകവും നിഷേധാത്മകവുമായ മാനങ്ങൾ

വിശകലനം ചെയ്തുകൊണ്ട് ലിയോ പതിനാലാമൻ പാപ്പാ ഇപ്രകാരം പറഞ്ഞത്. മാനവകുടുംബത്തിന് ഗുണകരമായ അസാധാരണ സാധ്യതകൾ നല്കുന്ന നിർമ്മിത ബുദ്ധിയുടെ ദ്രുതഗതിയിലുള്ള വികസനം കൂടുതൽ അധികൃതവും നീതിയുക്തവുമായ ഒരു ആഗോള മാനവ സമൂഹത്തെ സൃഷ്ടിക്കുന്നതിനായുള്ള അതിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ച് ആഴത്തിലുള്ള ചോദ്യങ്ങളുയർത്തുന്നുവെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

## നഷ്ടപ്പെടുത്തരുത് നൈതിക മാനം

നിർമ്മിതബുദ്ധിയിൽ അന്തർലീനമായിരിക്കുന്ന നൈതികമാനത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം ലിയോ പതിനാലാമൻ പാപ്പാ ഊന്നിപ്പറഞ്ഞു. ഇക്കാര്യത്തിൽ, മനുഷ്യവ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രവികസനം ലക്ഷ്യമാക്കി പ്രശ്നങ്ങളെ നേരിടുന്നതിനാണ് കത്തോലിക്കാ സഭ ഊന്നൽ നല്കുന്നത്. വ്യക്തിയുടെ അലംഘനീയ അന്തസ്സ് സംരക്ഷിക്കുകയും ലോകജനതയുടെ സാംസ്കാരികവും ആത്മീയവുമായ സമ്പന്നതയെയും വൈവിധ്യത്തെയും ആദരിക്കുകയും ചെയ്യുക എന്നതാണ് ഇതിനർത്ഥമെന്നും പാപ്പാ വ്യക്തമാക്കി.'മനുഷ്യരുടെ നന്മയ്ക്കാകണം കൃത്രിമബുദ്ധി പ്രവർത്തിക്കുന്നത്.' രാഷ്ട്രീയ ജീവിതം സമൂഹത്തിനും പൊതുനന്മയ്ക്കും നൽകുന്ന സേവനം പരിഗണിക്കുകയാണെങ്കിൽ, അതിനെ യഥാർത്ഥത്തിൽ ക്രിസ്തീയ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയായി കാണാൻ കഴിയുമെന്നും, അത് ഒരിക്കലും ഒരു സിദ്ധാന്തമല്ല, മറിച്ച് നമ്മുടെ മാനവകുടുംബത്തിന്റെ നന്മയ്ക്കായുള്ള ദൈവത്തിന്റെ നിരന്തര ഔത്സുക്യത്തിന്റെ മൂർത്തമായ അടയാളവും സാക്ഷ്യവുമാണെന്നും പാപ്പാ. ഭരണകർത്താക്കളുടെയും കാര്യനിർവ്വാഹകരുടെയും ജൂബിലിയാചരണത്തിനായി അറുപത്തിയെട്ട് നാട്ടുകളിൽ നിന്നെത്തിയ 600 പേരുടെ സംഘത്തെ വത്തിക്കാനിൽ സ്വീകരിച്ച് സംബോധന ചെയ്യുമ്പോഴും ലെയോ പതിനാലാമൻ പാപ്പാ നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്തു. പ്രത്യാശയുടെ ജൂബിലിവർഷത്തോടനുബന്ധിച്ച് സഭയിലെയും സമൂഹത്തിലെയും വിവിധ വിഭാഗങ്ങൾ നിശ്ചിത ദിനങ്ങളിൽ റോമിൽ നടത്തുന്ന ജൂബിലിയുടെ ഭാഗമായി വന്നെത്തിയതായിരുന്നു ഇവർ.

## യന്ത്രങ്ങൾക്ക് ആത്മാവില്ല

പ്രകൃതിനിയമത്തെക്കുറിച്ചു പരാമർശിക്കവേ ' കൃത്രിമബുദ്ധിയുടെ രൂപത്തിൽ ഒരു വലിയ വെല്ലുവിളി ഇന്നുയരുന്നുവെന്നു' പാപ്പാ പറഞ്ഞു. മനുഷ്യ വ്യക്തിയുടെ തനിമയെയും അന്തസ്സിനെയും മൗലിക സ്വാതന്ത്ര്യങ്ങളെയും അട്ടിമറിക്കാത്ത പക്ഷം ഈ സാങ്കേതികവിദ്യ തീർച്ചയായും സമൂഹത്തിന് വളരെയധികം സഹായകമാകുമെന്ന വസ്തുതയും പാപ്പാ ചൂണ്ടിക്കാട്ടി. ഏതൊരു അൽഗോരിതത്തേക്കാളും വലിയ മൂല്യമാണ് നമ്മുടെ വ്യക്തിജീവിതത്തിനുള്ളത്. ആത്മാവില്ലാത്ത യന്ത്രത്തിനും മുൻകൂട്ടി തയ്യാറാക്കാൻ കഴിയുന്ന പരിമിതമായ മാതൃകകളെ മറികടക്കുന്ന വികസനവേദികൾ സാമൂഹിക ബന്ധങ്ങൾക്ക് ആവശ്യമാണ്. ദശലക്ഷക്കണക്കിന് വിവരങ്ങൾ സംഭരിക്കാനും നിരവധി ചോദ്യങ്ങൾക്ക് നിമിഷങ്ങൾക്കുള്ളിൽ ഉത്തരം നൽകാനും കഴിയുമെങ്കിലും, കൃത്രിമബുദ്ധി ഒരു 'നിശ്ചല ഓർമ്മശക്തിയാൽ' അഥവാ, 'സ്റ്റാറ്റിക് മെമ്മറി'യാൽ സജ്ജീകൃതമാണെന്നിരിക്കേ അതിനെ മനുഷ്യരുടേതുമായി ഒരു തരത്തിലും താരതമ്യപ്പെടുത്താനാവില്ല. നമ്മുടെ ഓർമ്മ സൃഷ്ടിപരവും ചലനാത്മകവും ഉൽപ്പാദനപരവുമാണ്. ഭൂതകാലത്തെയും വർത്തമാനത്തെയും ഭാവിയെയും സജീവവും ഫലപ്രദവുമായ രീതിയിലുള്ള പൊരുളന്വേഷണത്തിൽ ഒന്നിപ്പിക്കാൻ കഴിവുള്ളതാണമെന്നും പാപ്പാ ചൂണ്ടിക്കാട്ടി. പതിനൊന്നാം പീയൂസ് പാപ്പാ രാഷ്ട്രീയത്തെ 'ജീവകാരുണ്യ പ്രവർത്തനത്തിന്റെ പരമോന്നതരൂപം'

എന്ന് ശരിയായി നിർവ്വചിച്ചെന്ന് ലിയോ പതിനാലാമൻ പാപ്പാ പ്രസ്താവിച്ചു. പ്രത്യേകിച്ച്, ദുർബ്ബലർക്കും പാർശ്വവൽകൃതർക്കും സംരക്ഷണം ഉറപ്പാക്കിക്കൊണ്ട്, പ്രത്യേക താല്പര്യങ്ങൾ ഒന്നും കൂടാതെ, പൊതുനന്മ പരിപോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യാനും മതസ്വാതന്ത്ര്യവും മതാന്തരസംഭാഷണവും പരിപോഷിപ്പിക്കാനും രാഷ്ട്രീയ നേതാക്കൾ ശ്രദ്ധിക്കണം. നിർമ്മിതബുദ്ധിയുടെ രൂപത്തിൽ ഇന്ന് സമൂഹത്തിൽ ഉയരുന്ന വെല്ലുവിളികളെ നേരിടാനുള്ള ദൗത്യത്തിലും പങ്കാളികളാകണം. അങ്ങേയറ്റത്തെ ദുരിതാവസ്ഥയിൽ കഴിയുന്നവരുടെ രോദനം പലപ്പോഴും ശ്രവിക്കപ്പെടാതെ പോകുന്നത് അനീതി സൃഷ്ടിക്കുകയും അനിവാര്യമായും അക്രമത്തിലേക്കും പിന്നീട് യുദ്ധദുരന്തത്തിലേക്കും നയിക്കും.

## മതസ്വാതന്ത്ര്യവും സംവാദവും

ആരോഗ്യകരമായ ഒരു രാഷ്ട്രീയത്തിന് വിഭവങ്ങളുടെ സന്തുലിതമായ വിതരണത്തിലൂടെ ഏകതാനതയ്ക്കും സമാധാനത്തിനും കര്യക്ഷമമായ സേവനമേകാൻ കഴിയും. മതസ്വാതന്ത്ര്യവും മതാന്തര സംവാദവും വർത്തമാനകാലത്ത് കൂടുതൽ പ്രാധാന്യമുള്ളവയാണെന്നും യഥാർത്ഥ മതസ്വാതന്ത്ര്യത്തിനുള്ള സാഹചര്യങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെയും ഭിന്ന മതസമൂഹങ്ങൾക്കിടയിൽ ആദരണീയവും സൃഷ്ടിപരവുമായ ഒരു കൂടിക്കാഴ്ച വികസിപ്പിച്ചെടുക്കുന്നതിലൂടെയും രാഷ്ട്രീയ ജീവിതത്തിന് വളരെയധികം നേട്ടങ്ങൾ കൈവരിക്കാനാകും. രാഷ്ട്രീയ നേതാക്കൾ ആദരിക്കേണ്ട ഒരു സാക്ഷിയായും അവരുടെ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായും  വിശുദ്ധ തോമസ് മൂറിനെ രണ്ടായിരാം ആണ്ടിലെ ജൂബിലിയാചരണ വേളയിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ചൂണ്ടിക്കാട്ടിയ കാര്യം ലിയോ പതിനാലാമൻ പാപ്പാ പ്രത്യേകമായി അനുസ്മരിച്ചു.

'യുദ്ധം എപ്പോഴും ഒരു പരാജയമാണ്" എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ആവർത്തിച്ച് ലോകശ്രദ്ധയിൽപ്പെടുത്തി ലെയോ പതിനാലാമൻ മാർപാപ്പാ. ജൂൺ 18 ബുധനാഴ്ച വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ അനുവദിച്ച പൊതുകൂടി



## 10 Ten countries most impacted by terrorism

| Rank | Country | Score | Rank Change |
|---|---|---|---|
| 1 | Burkina Faso | 8.571 | ↑ 1 |
| 2 | Israel | 8.143 | ↑ 24 |
| 3 | Mali | 7.998 | ↑ 1 |
| 4 | Pakistan | 7.916 | ↑ 3 |
| 5 | Syria | 7.890 | ↔ |
| 6 | Afghanistan | 7.825 | ↓ 5 |
| 7 | Somalia | 7.814 | ↓ 4 |
| 8 | Nigeria | 7.575 | ↔ |
| 9 | Myanmar | 7.536 | ↔ |
| 10 | Niger | 7.274 | ↔ |

↓ Improve ↑ Deteriorate ↔ No Change



Source: IEP

ക്കാഴ്ചാ സമ്മേളനത്തിലാണ്, ലോകത്തിന്റെ വിവിധയിടങ്ങളിൽ നടന്നുവരുന്ന സംഘർഷങ്ങളെയും യുദ്ധങ്ങളെയും പാപ്പാ അതീവ ദുഃഖത്തോടെ അപലപിച്ചത്.

### സമാധാനത്തിന്റെ പ്രാധാന്യം

രണ്ടാം ലോകമഹായുദ്ധകാലത്ത് പന്ത്രണ്ടാം പിയൂസ് പാപ്പാ പറഞ്ഞ, 'സമാധാനം കൊണ്ട് നമുക്കൊന്നും നഷ്ടമാകുന്നില്ല, എന്നാൽ യുദ്ധം കൊണ്ട് നമുക്കെല്ലാം നഷ്ടമായേക്കാം' എന്ന വാക്കുകളും ലിയോ പതിനാലാമൻ പാപ്പാ ചൂണ്ടിക്കാട്ടി.ഇക്കാലത്തെ യുദ്ധങ്ങളിൽ വിവിധ തരങ്ങളിലുള്ള ശാസ്ത്രസാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന ആയുധങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുതന്നെ, മുൻകാലങ്ങളെക്കാൾ ഏറെ വലിയ ക്രൂരതയിലേക്കാണ് നാം നയിക്കപ്പെടുന്നതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിലെ 'ഗൗദിയും എത് സ്പേസ്' ഉദ്ധരിച്ചുകൊണ്ട് പാപ്പാ പ്രസ്താവിച്ചു. ഉക്രെയ്ൻ, ഇറാൻ, ഇസ്രായേൽ, ഗാസാമുനമ്പ് തുടങ്ങി യുദ്ധങ്ങൾ അരങ്ങേറുന്ന ലോകത്തിന്റെ വിവിധയിടങ്ങളിൽനിന്നുയരുന്ന വിലാപം സഭയുടെ ഹൃദയത്തെ മുറിവേൽപ്പിക്കുന്നു. യുദ്ധങ്ങളുമായി പൊരുത്തപ്പെട്ടു ജീവിക്കുകയെന്ന അവസ്ഥ പരിതാപകരമാണ്. ശക്തവും സങ്കീർണവുമായ ആയുധങ്ങളോടുള്ള ആകർഷണത്തിൽപ്പെടരുതെന്ന് ഓർമ്മിപ്പിച്ച പാപ്പാ, അത്തരം പ്രലോഭനങ്ങളെ തള്ളിക്കളയാൻ നമുക്കാകണമെന്ന് ആഹ്വാനം ചെയ്തു. ഇസ്രായേൽ–ഇറാൻ യുദ്ധം പുതിയ തലത്തിലേക്ക് നീങ്ങുന്നതിന്റെയും, ഗാസാ പ്രദേശത്തെ ആക്രമണങ്ങളും, ഉക്രെയ്നിലെ റഷ്യൻ ആക്രമണവും ശക്തമായി തുടരുന്നതിന്റെയും പശ്ചാത്തലത്തിലാണ് പാപ്പാ സമാധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോകത്തെ ഓർമ്മിപ്പിച്ചത്. ❍



# മഹിതമാണ് ഇടയദൗത്യം

**SPECIAL REPORT**

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



**വത്തിക്കാൻ:** ക്രിസ്തുവെന്ന നല്ല ഇടയന്റെ ക്ഷീണമേശാത്ത വിശ്വസ്ത ശിഷ്യരെന്ന നിലയിൽ എളിമയോടും സൗമ്യതയോടും അജഗണങ്ങളെ ശ്രവിക്കാനും അവർക്കു സമീപസ്ഥരായിരിക്കാനുമുള്ള സിദ്ധിയോടെയാകണം വൈദികർ പൗരോഹിത്യം എന്ന മഹാദാനം വിനിയോഗിക്കേണ്ടതെന്ന് ലിയോ പതിനാലാമൻ മാർപാപ്പാ പറഞ്ഞു. പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്രപരിശീലന കേന്ദ്രത്തിലെ പഠനപരിപാടിയുടെ ഭാഗമായി ഒരു വർഷത്തെ പ്രേഷിതാനുഭവ മാർജ്ജിച്ച് തിരിച്ചെത്തിയ വൈദികരെ പേപ്പൽ ഭവനത്തിൽ സ്വീകരിച്ച് അഭിസംബോധന ചെയ്യുകയായിരുന്നു പാപ്പാ.

ലോകത്ത് എവിടെയായിരുന്നാലും ഏല്പിക്കപ്പെടുന്ന ജോലികൾ എന്തുതന്നെയായാലും പ്രാർത്ഥനയിലെന്നപോലെ പ്രവൃത്തിയിലും തങ്ങളുടെ സാക്ഷ്യത്തിലൂടെ ജനങ്ങളോടും സഭയോടും തന്റെ സാമീപ്യം അനുഭവവേദ്യമാക്കുന്നതിൽ പിന്നോട്ട് പോകാത്ത പുരോഹിതന്മാരിൽ ആശ്രയിക്കാൻ പാപ്പായ്ക്ക് കഴിയുന്ന അവസ്ഥയുണ്ടാകണം – ലെയോ പതിനാലാമൻ പാപ്പാ പറഞ്ഞു. 'പത്രോസിന്റെ ശുശ്രൂഷ' എന്ന കൈറോഗ്രാഫിൽ ഫ്രാൻസിസ് പാപ്പാ അവതരിപ്പിച്ച വൈദികന്റെ രൂപം മൂർത്തമാക്കുന്നതിന് 'ഇടയന്മാർ നിലത്തു നില്ക്കുന്നവരായിരിക്കണം' എന്ന് പൊന്തിഫിക്കൽ നയതന്ത്രജ്ഞരെ താൻ അടുത്തയിടെ സംബോധന ചെയ്യവേ

പറഞ്ഞ കാര്യം പാപ്പാ അനുസ്മരിച്ചു.
പൊന്തിഫിക്കൽ എക്ലേസിയാസ്റ്റിക്കൽ അക്കാഡമിയുടെ സ്ഥാപനത്തിന്റെ മുന്നൂറ്റിയിരുപത്തഞ്ചാം വാർഷികാഘോഷം അടുത്തുവരുന്നതായി ലിയോ പതിനാലാമൻ പാപ്പാ അറിയിച്ചു. 1701 – ലാണ് അക്കാഡമി സ്ഥാപിതമായത്. പൊന്തിഫിക്കൽ എക്ലേസിയാസ്റ്റിക്കൽ അക്കാഡമിയിൽ പരിശീലനം നേടുന്ന വൈദികർ ഈ പരിശീലന പരിപാടിയുടെ ഭാഗമായി ലോകത്തിലെവിടെയെങ്കിലും പ്രാദേശിക സഭയിൽ നിന്ന് ഒരു വർഷത്തെ പ്രേഷിത പ്രവർത്തന പരിചയം നേടണമെന്ന് വ്യവസ്ഥ ചെയ്തത് ഫ്രാൻസിസ് പാപ്പായാണ്.

## ദാരിദ്ര്യത്തിന്റെ മഹിമ

'സ്വന്തമായി ഒന്നുമില്ലാതെ, കീശയിലോ ഹൃദയത്തിലോ ഒന്നും ഒളിപ്പിച്ചുവെക്കാതെ ജീവിക്കുക എന്നത് മാതൃകാപരം തന്നെ':സന്യാസ സമൂഹങ്ങൾ പിന്തുടരുന്ന ദാരിദ്ര്യ വ്രതത്തിന്റെ മഹിമ ഓർമ്മപ്പെടുത്തി ലിയോ പതിനാലാമൻ മാർപ്പാപ്പായുടെ വാക്കുകൾ. ഫ്രാൻസിസ്കൻ സമൂഹത്തിന്റെ ഭാഗമായ ഫ്രയേർസ് മൈനർ കോൺവെഞ്ച്വൽ സമൂഹത്തിന്റെയും ടിനിറ്റേറിയൻ സമൂഹത്തിന്റെയും ജനറൽ ചാപ്റ്ററുകളിൽ പങ്കെടുക്കുന്ന പൊതുശ്രേഷ്ഠന്മാരുൾപ്പടെയുള്ള അംഗങ്ങളെ വത്തിക്കാനിൽ സ്വീകരിച്ച് സംബോധന ചെയ്യവേയാണ് ഫ്രാൻസീസ് പാപ്പായെ ഉദ്ധരിച്ചുകൊണ്ട് ലിയോ പതിനാലാമൻ പാപ്പാ ഇങ്ങനെ പറഞ്ഞത്.

ഫ്രയേർസ് മൈനർ കോൺവെഞ്ച്വൽ സമൂഹത്തിന്റെ സ്ഥാപകനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയേയും ടിനിറ്റേറിയൻ സമൂഹത്തിന്റെ സ്ഥാപകൻ വിശുദ്ധ ഹുവാൻ ദെ മാതായേയും ഇന്നൊസെന്റ് മൂന്നാമൻ പാപ്പാ ഒരുമിച്ച് സ്വീകരിക്കുന്ന ഒരു ചിത്രം റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയിലുള്ളത് പാപ്പാ അനുസ്മരിച്ചു.തുറന്ന വലിയൊരു പുസ്തകവുമായി മുട്ടുകുത്തി നില്ക്കുന്ന വിശുദ്ധ ഫ്രാൻസിസിനെയും പാപ്പായോടു ചേർന്ന തയ്യാറാക്കിയ നിയമസംഹിത കൈയ്യിലേന്തി നില്കുന്ന വിശുദ്ധ ഹുവാൻ ദെ മാതായെയുമാണ് ഈ ചിത്രത്തിയ കാണാൻ കഴിയുന്നതെന്നു പാപ്പാ വിശദീകരിച്ചു.

സേവനത്തിന്റെ ആദ്ധ്യാത്മക പാതയിലൂടെ സഞ്ചരിക്കുന്നതിനു മാത്രമല്ല പരിശുദ്ധാത്മാവിൽ നിന്നു ലഭിച്ച ദാനം സഭയ്ക്കുവേണ്ടി നല്കുന്നതിന് പാപ്പായ്ക്ക് സമർപ്പിക്കുന്നതിനും ദൈവം ഈ രണ്ടു വിശുദ്ധർക്കും പ്രചോദനമേകി. വിശ്വാസത്തെ പ്രതി പീഡിപ്പിക്കപ്പെടുന്നവരെ ദൈനംദിന പ്രാർത്ഥനകളിൽ അനുസ്മരിക്കാൻ പാപ്പാ ടിനിറ്റേറിയൻ സമൂഹത്തിലെ അംഗങ്ങളെ ക്ഷണിച്ചു. അറേബ്യൻ ഉപദ്വീപിലും പശ്ചിമേഷ്യയിലും ആഫ്രിക്കയിലും ഇന്ത്യാ ഉപഭൂഖണ്ഡത്തിലും അവർ ചെയ്യുന്ന സേവനങ്ങളും പാപ്പാ അനുസ്മരിച്ചു. വൈയക്തിക താല്പര്യങ്ങളല്ല ക്രിസ്തുവിന്റെ ഇഷ്ടമാണ് നമുക്ക് ഉത്തേജനം പകരേണ്ടതെന്നും വർത്തമാനകാലത്തിൽ ഭാവി രചിക്കേണ്ടതിന് അവിടത്തെ അരുപിയെയാണ് നാം ശ്രവിക്കേണ്ടതെന്നും ഫ്രാൻസിസ്കൻ സമൂഹത്തിന്റെ പ്രമേയം ഓർമ്മപ്പെടുത്തുന്നുവെന്നും പാപ്പാ പറഞ്ഞു. ❍




# ബഹുസ്വര സംഗീതം വചന പ്രേരിതമാകുമ്പോൾ



**ഫാ. നീൽ ജോർജ് ചടയംമുറി**
ഇറ്റലി

**വത്തിക്കാൻ:** വിശുദ്ധഗ്രന്ഥത്തിൽനിന്ന് പ്രേരിതമായ സംഗീതം പ്രാർത്ഥനയ്ക്കും ക്രൈസ്തവജീവിതത്തിനും സഹായകരം: ലിയോ പതിനാലാമൻ പാപ്പാ

വിശ്വാസികളുടെ ബുദ്ധിയിലേക്ക് വചനമെത്തിക്കാനും, പ്രാർത്ഥനയ്ക്കും ക്രൈസ്തവ വിശ്വാസജീവിതത്തിനും വിശുദ്ധഗ്രന്ഥത്തിൽനിന്ന് പ്രേരിതമായ ബഹുസ്വരസംഗീതം സഹായിക്കുമെന്ന് ലെയോ പതിനാലാമൻ പാപ്പാ. റോമിനടുത്തുള്ള പലസ്ത്രീനായിലെ വിശ്രുത സംഗീതജ്ഞനായിരുന്ന ജ്യോവാന്നി പിയർലൂയിജിയുടെ അഞ്ഞൂറാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് നടന്ന സമ്മേളനത്തിനെത്തിയവരെ വത്തിക്കാനിൽ ലിയോ പതിനാലാമൻ പാപ്പാ സ്വീകരിച്ചു. തദവസരത്തിൽ, സംഗീതവും വിശ്വാസജീവിതവുമായുള്ള ബന്ധത്തിന്റെ പ്രാധാന്യം പാപ്പാ എടുത്തുപറഞ്ഞു.'വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് പ്രേരിതമായ ബഹുസ്വരസംഗീതം (പോളിഫോണിക്) പ്രാർത്ഥനയ്ക്കും ക്രൈസ്തവജീവിതത്തിനും സഹായകരമാകും, വിശ്വാസികളുടെ മനസ്സിലേക്ക് വചനമെത്തിക്കാൻ ഇത് ഉപകരിക്കും'.സംഗീതമേഖലയിൽ ഏറെ മഹിതമാണ് റോമൻ പോളിഫോണിക് പാരമ്പര്യം. ദൈവമഹത്വത്തിനും, വിശ്വാസികളുടെ വിശുദ്ധീകരണത്തിനും വളർച്ചയ്ക്കും സഹായിക്കുന്ന ഭക്തസംഗീതവുമായി ബന്ധപ്പെട്ട് ജ്യോവാന്നി പിയർലൂയിജി നൽകിയ സംഭാവനകൾ ഏറെ പ്രധാനപ്പെട്ടതാണ്. ഗ്രിഗോറിയൻ സംഗീതത്തിൽനിന്ന്

പ്രേരിതമായ അദ്ദേഹത്തിന്റെ രചനകൾ സംഗീതത്തെയും ആരാധനയെയും മനോഹരമായ രീതിയിൽ കോർത്തിണക്കുന്നു.പരിശുദ്ധാത്മാവിന്റെ സഹായത്തോടെയുള്ള നമ്മുടെ പൊതുവായ വിശ്വാസയാത്രപോലെ, ചലനാത്മകവും വൈവിധ്യമാർന്നതുമായ ബഹുസ്വരസംഗീതം, അതിന്റെ അനുപല്ലവികളിലൂടെയും ആവർത്തിക്കപ്പെടുന്ന പ്രാർത്ഥനകളിലൂടെയും ശ്രോതാക്കളെ, വാക്കുകളിലൂടെ പ്രകടിപ്പിക്കപ്പെട്ട വിശ്വാസത്തിന്റെ രഹസ്യങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങാൻ സഹായിക്കുമെന്ന് പാപ്പാ വിശദീകരിച്ചു. സ്വരത്തെയും മനസ്സിനെയും ഹൃദയത്തെയും പൂർണ്ണമായി പങ്കെടുപ്പിച്ചുകൊണ്ട് ആരാധനയിൽ ബോധപൂർവ്വവും സജീവവുമായി പങ്കെടുക്കാനും പോളിഫോണിക് സംഗീതം സഹായിക്കുന്നു.

**വിശുദ്ധ ഈണങ്ങളുടെ**
**വഴിത്താരകൾ**

അൻപത് വർഷങ്ങളോളം വത്തിക്കാനിലെ സിസ്റ്റൈൻ പൊന്തിഫിക്കൽ ഗായകസംഘം ഡയറക്ടറായിരുന്ന കർദ്ദിനാൾ ഡൊമെനിക്കോ ബർതൊലൂച്ചി സംഗീതമേഖലയിൽ നൽകിയ സംഭാവനകളെയും  പാപ്പാ അനുസ്മരിച്ചു. ഉയിർപ്പ് കാലത്ത് ആലപിക്കപ്പെടുന്ന ഹല്ലേലൂയാ ഗീതവുമായി ബന്ധപ്പെട്ട് തുടർന്നു സംസാരിക്കവേ വിശുദ്ധ അഗസ്റ്റിൻ മുന്നോട്ടുവച്ച, 'വഴിയാത്രികരെപ്പോലെ ഗാനമാലപിച്ചുകൊണ്ടും വഴി തെറ്റാതെയും, പിന്നോട്ട് നോക്കാതെയും, നിൽക്കാതെയും, മുന്നോട്ട് നടക്കാ' നുള്ള ആഹ്വാനം, വിശുദ്ധമായ ആനന്ദത്തിന്റെയും ജൂബിലിയുടെയും സമയത്ത് നമ്മുടേതാക്കി മുന്നോട്ടുപോകാം– പാപ്പാ പറഞ്ഞു.പൗരോഹിത്യജീവിതത്തിന്റെ നാൽപ്പത്തിമൂന്നാം വാർഷിക ദിനം പ്രാർത്ഥനാ നിർഭരമായി ആചരിച്ച് ലിയോ പതിനാലാമൻ പാപ്പാ. 1982 ജൂൺ 19ന് വത്തിക്കാന് തൊട്ടടുത്തുള്ള വിശുദ്ധ മോനിക്കയുടെ നാമധേയത്തിലുള്ള ദേവാലയത്തിൽ റോബർട്ട് ഫ്രാൻസിസ് പ്രേവോസ്റ്റ് എന്ന ഇന്നത്തെ ലിയോ പതിനാലാമൻ പാപ്പായെ പുരോഹിതനായി അഭിഷേകം ചെയ്തത് ബെൽജിയത്തിൽനിന്നുള്ള ആർച്ച്ബിഷപ് ഷാൻ ഷദോ ആയിരുന്നു.മെത്രാന്മാർക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററിയുടെ തലവനായി തിരഞ്ഞെടുക്കപ്പെട്ടതുമുതൽ ലിയോ പാപ്പാ താമസിച്ചുവരുന്ന വിശ്വാസകാര്യങ്ങൾക്കായുള്ള ഡികാസ്റ്ററി സ്ഥിതിചെയ്യുന്ന കെട്ടിടസമുച്ചയത്തിനടുത്തു തന്നെയാണ് ഈ ദേവാലയം. വിശുദ്ധ തോമസ് അക്വിനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് കാനോനികനിയമം പഠിച്ചതിന് ശേഷം, തന്റെ ഇരുപത്തിയേഴാം വയസ്സിലാണ് റോബർട്ട് ഫ്രാൻസിസ് പ്രേവോസ്റ്റ്  പുരോഹിതനായത്. അഗസ്റ്റീനിയൻ സഭയിൽ ചേർന്ന് 1981 ൽ നിത്യവ്രതവാഗ്ദാനം നടത്തി. 1985ൽ തെക്കേ അമേരിക്കയിലെ പെറുവിലുള്ള ചിക്ലായോയിലുള്ള മിഷനിലേക്ക് അയക്കപ്പെട്ടു. 2023 സെപ്റ്റംബർ 30ന് കർദ്ദിനാളായി ഉയർത്തപ്പെട്ടപ്പോൾ അദ്ദേഹത്തിന് നൽകപ്പെട്ട സ്ഥാനികദേവാലയവും പൗരോഹിത്യസ്വീകരണ ഇടമായ വിശുദ്ധ മോനിക്കയുടെ നാമധേയത്തിലുള്ള ഇതേ ദേവാലയമായിരുന്നു.

**വിശുദ്ധ അഗസ്റ്റിനെ പിന്തുടർന്ന്...**

വിശുദ്ധ അഗസ്റ്റിന്റെ പ്രഭാഷണം 339 നെ അധികരിച്ച് 'നിങ്ങളെ സാധാരണ അപ്പം കൊണ്ട് പോറ്റുകയെന്നത് എനിക്ക് കഴിയാത്ത കാര്യമാണ്. എന്നാൽ ഈ തിരുവചനം നിങ്ങളുടെ ഓഹരിയാണ്. എന്നെ പോഷിപ്പിക്കുന്ന അതേ മേശയിൽനിന്നാണ് ഞാൻ നിങ്ങളെ പോറ്റുന്നത്. ഞാൻ നിങ്ങളുടെ സേവകനാണ്' എന്ന വാക്കുകളുമായി ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിന്റെ പതിനഞ്ചാം നൂറ്റാണ്ടിലെ ഒരു റഷ്യൻ ഐക്കണുള്ള കാർഡായിരുന്നു ഫാ. റോബർട്ട് പ്രേവോസ്റ്റ് തന്റെ പൗരോഹിത്യസ്വീകരണാവസരത്തിൽ ഏവർക്കും വിതരണം ചെയ്തത്.




സേവനം ചെയ്യാനായാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്ന വിശുദ്ധ അഗസ്റ്റിന്റെ ഉദ്ബോധനം ഉള്ളിൽ സ്വീകരിച്ചായിരുന്നു അദ്ദേഹം ഈ വാക്യങ്ങൾ തിരഞ്ഞെടുത്തത്.റോമിലെ ബിഷപ്പ് എന്ന നിലയിൽ ആദ്യമായി 11 ഡീക്കൻമാർക്കു പൗരോഹിത്യം നൽകിയ വേളയിലെ പ്രസംഗത്തിലും ലിയോ പതിനാലാമൻ മാർപ്പാപ്പ ഈ സേവനാഹ്വാനം പങ്കിട്ടു. 'ക്രിസ്തുവിന്റെ സ്നേഹം നമ്മെ കൈവശപ്പെടുത്തുന്നു. ആരെയും സ്വന്തമാക്കാതിരിക്കുമ്പോഴും നമ്മെ സ്വതന്ത്രരാക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്ന ഒരു സ്വത്താണ് അത്. സ്വതന്ത്രമാക്കുക, ഒന്നും സ്വന്തമാക്കരുത്. നാം ദൈവത്തിന്റേതാണ്: വിലമതിക്കാനും പങ്കിടാനും ഇതിലും വലിയ സമ്പത്ത് മറ്റൊന്നില്ല. പങ്കിടുമ്പോൾ വർദ്ധിക്കുന്ന ഒരേയൊരു സമ്പത്താണിത്.'

**സഭയിൽ വേണം**
**പ്രതിരോധ സംസ്കൃതി**

ഒരു തരത്തിലുള്ള ദുരുപയോഗവും അനുവദിക്കാത്ത ഒരു പ്രതിരോധ സംസ്കൃതി സഭയിൽ രൂഢമൂലമാകേണ്ടത് അടിയന്തിരാവശ്യമാണെന്ന് ലിയോ പതിനാലാമൻ മാർപ്പാപ്പ . താൻ രണ്ടു പതിറ്റാണ്ടോളം പ്രേഷിതനായിരുന്ന പെറുവിന്റെ തലസ്ഥാനമായ ലീമയിൽ 'ഉഗാസ് പദ്ധതി' (Proyecto Ugaz )എന്ന പേരിൽ അവതരിപ്പിക്കപ്പെട്ട നാടക പരിപാടിയുടെ സമാപനത്തിൽ വിശ്വാസകാര്യസംഘത്തിലെ ഉദ്യോഗസ്ഥനായ മോൺസിഞ്ഞോർ ഹൊർദി ബെർത്തൊമൊയു വായിച്ച സന്ദേശത്തിലാണ് പാപ്പാ ഇതു പറഞ്ഞത്. ലാറ്റിനമേരിക്കയിൽ പ്രവർത്തനനിരതമായിരുന്നതും പീഡനങ്ങളുടെ വേദിയായി മാറിയതുമായ 'സൊഡാലിസിയൊ' എന്ന നിരോധിത പ്രസ്ഥാനത്തിലെ കഥകൾ വെളിച്ചത്തുകൊണ്ടുവരുന്നതിൽ മുഖ്യ പങ്കുവഹിച്ച മാദ്ധ്യമ പ്രവർത്തക പാവൊള ഉഗാസിനു സമർപ്പിതമായിരുന്നു ഈ പരിപാടി.പ്രതിരോധവും പരിചരണവും ഒരു അജപാലന തന്ത്രമല്ലെന്നും അവ സുവിശേഷത്തിന്റെ കാതലാണെന്നും പാപ്പാ പറഞ്ഞു. അധികാരത്തിന്റെയോ അധികാരികളുടെയൊ, മനസ്സാക്ഷിയുടെയോ ആത്മീയതയുടെയോ, ലൈംഗികതയുടെയോ ആകട്ടെ ഒരു തരത്തിലുള്ള ദുരുപയോഗവും വച്ചുപൊറുപ്പിക്കാത്ത ഒരു പ്രതിരോധ സംസ്കാരം സഭയിലുടനീളം വേരൂന്നേണ്ടതാവശ്യമാണ്. സജീവമായ ജാഗ്രത, സുതാര്യമായ പ്രവർത്തനങ്ങൾ, മുറിവേറ്റവരെ ആത്മാർത്ഥമായി ശ്രവിക്കൽ എന്നിവയിൽ നിന്ന് ഉടലെടുത്താൽ മാത്രമേ ഈ സംസ്കാരം യഥാർത്ഥമാകൂ എന്ന് പാപ്പാ കൂട്ടിച്ചേർക്കുന്നു. പത്രസ്വാതന്ത്ര്യം അടിച്ചമർത്തപ്പെടാതിരിക്കേണ്ടതിന്റെ ആവശ്യകതയും പാപ്പാ ചൂണ്ടിക്കാട്ടി. എവിടെയങ്കിലും മാദ്ധ്യമപ്രവർത്തകർ നിശബ്ദരാക്കപ്പെട്ടാൽ അവിടെ

പ്രജാധിപത്യം ബലഹീനമാകും. ഭയപ്പെടാതെ കർമ്മനിരതരായി സമാധാനത്തിന്റെയും ഐക്യത്തിന്റെയും സാമൂഹിക സംഭാഷണത്തിന്റെയും ശിൽപ്പികളാകാനും ഇരുളിൽ വെളിച്ചം പകരുന്നവരാകാനും പാപ്പാ മാദ്ധ്യമപ്രവർത്തകരോട് ആഹ്വാനം ചെയ്തു..

**തുടരുന്നുണ്ട്**


**ജീവകാരുണ്യ ദൗത്യം**

യുദ്ധം മൂലം സമീപകാലത്ത് ഏറ്റവും കൂടുതൽ ദുരിതം ബാധിച്ച ഉക്രെയ്ൻ നഗരമായ ഖാർക്കിവിൽ സഹായങ്ങളുമായി വത്തിക്കാനിൽ നിന്നും പാപ്പായുടെ ഉപവിപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കർദിനാൾ കോൺറാഡ് ക്രാജെവ്സ്കിയുടെ നേതൃത്വത്തിൽ വാഹനം എത്തി. സാധാരണക്കാരായ ജനതയെ സഹായിക്കുന്നതിനായി, അവശ്യവസ്തുക്കളുമായാണ് വാഹനം വന്നത്. ഫ്രാൻസിസ് പാപ്പാ കാലം ചെയ്തതിനു ശേഷവും, വത്തിക്കാൻ സഹായങ്ങൾ എത്തിച്ചിരുന്നുവെന്നും, ആ ദൗത്യം ഒരിക്കലും നിർത്തിയിരുന്നില്ലെന്നും കർദിനാൾ കോൺറാഡ് ക്രാജെവ്സ്കി പറഞ്ഞു. റോമിലെ സാന്താ സോഫിയ ബസിലിക്കയിൽ നിന്നുമാണ് സഹായങ്ങൾ നിറച്ച ട്രക്ക് യാത്ര തിരിച്ചത്. കർദിനാൾ ക്രാജേവ്സ്കിയും വാഹനത്തിൽ കയറി. ഫ്രാൻസിസ് പാപ്പായുടെ ജീവിത മാതൃക പിന്തുടർന്ന് കൊണ്ട്, ലിയോ പതിനാലാമൻ പാപ്പായും ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറെ ഊർജ്ജസ്വലതയോടെ തുടരുന്നുണ്ടെന്നും, പീഡിതരായ ഉക്രെയ്ൻ ജനതയെ തന്റെ ഹൃദയത്തോട്, ലിയോ പതിനാലാമൻ പാപ്പായും ചേർത്ത് പിടിച്ചുവെന്നും കർദിനാൾ കൂട്ടിച്ചേർത്തു. മെത്തകൾ, ഭക്ഷണം, പലചരക്ക് സാധനങ്ങൾ, കുട്ടികൾക്കുള്ള നിരവധി വസ്തുക്കൾ എന്നിവ വാഹനത്തിൽ ഉൾപ്പെടുന്നു. അടിയന്തിരമായ ഈ സാഹചര്യത്തിൽ ഉക്രെയ്ൻ ജനതയ്ക്ക് എല്ലാം അവശ്യവസ്തുക്കളാണെന്നും, ഒന്നും ഒഴിവാക്കുക സാധ്യമല്ലെന്നും കർദിനാൾ പറഞ്ഞു. യുദ്ധത്തിന്റെ തുടക്കം മുതൽ, റോമിലെ ഉക്രേനിയൻ പള്ളിയായ സാന്താ സോഫിയ മാനുഷിക ഔദാര്യത്തിന്റെയും, ജീവകാരുണ്യത്തിന്റെയും ഇടമായി മാറിയെന്നും കർദിനാൾ അഭിപ്രായപ്പെട്ടു. ❍

# നാടക രചനാ മൽസരം നടത്തുന്നു

**തൃശ്ശൂർ കലാസദനും തൃശ്ശൂർ അതിരൂപതയിലെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തൈക്കാട്ടുശ്ശേരി സെ.പോൾസ് പള്ളിയും സഹകരിച്ച്നടത്തുന്ന അഖില കേരള നാടകരചനമത്സരത്തിന് കൃതികൾ ക്ഷണിച്ചു. ബൈബിളിലുംപാരമ്പര്യത്തിലും ഉള്ള സെ.പോളിന്റെ യാഥാർത്ഥ ജീവിതം പ്രതിഫലിപ്പിക്കുന്നതാകണം നാടകവിഷയം. 45/50 മിനിറ്റിൽ അവതരിപ്പിക്കാവുന്ന വിധമായിരിക്കണം രചനകൾ. രചനകൾ– ബേബി മൂക്കൻ , കൺവീനർ – സാഹിത്യ വിഭാഗം, കലാസദൻ, തൃശ്ശൂർ– 7 എന്ന വിലാസത്തിൽ, അയക്കണം.അവസാന തീയതി ജൂലൈ 15 ന് . പ്രായഭേദമെന്യേ ആർക്കുംപങ്കെടുക്കാം. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 11,111 രൂപയും,7777 രൂപയും കാഷ് അവാർഡും, മെമെന്റോയും സർട്ടിഫിക്കറ്റും നൽകും. തെരഞ്ഞെടുക്കപ്പെടുന്ന നാടകങ്ങൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുമെന്ന് ഫാ.ജോസ് പുന്നോലിപ്പറമ്പിൽ ഫാ. ജിയോ തെക്കിനിയത്ത് എന്നിവർ അറിയിച്ചു.**

**മൊബൈൽ നമ്പർ : 9526 91 4455.**




# സമാധാനത്തിന്റെ പുളിമാവ് ആയിത്തീരണം യുവജനം

SPECIAL REPORT



ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.

**വത്തിക്കാൻ:** നിരായുധീകൃത സമാധാനത്തിന്റെ പുളിമാവാകാൻ യുവജനത്തിന് എങ്ങനെ സാധിക്കുമെന്ന് ചെറുപ്പക്കാരാൽ സമ്പന്നമായ ആഫ്രിക്കാഭൂഖണ്ഡത്തിലെ രക്തസാക്ഷിയായ ഫ്ലോറിബെർത്ത് ബ്വാന ചുയി കാണിച്ചുതരുന്നുവെന്ന് ലിയോ പതിനാലാമൻ മാർപ്പാപ്പാ. ഫ്ലോറിബെർത്തിനെ റോമിൽ വച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച തിരുക്കർമ്മത്തിൽ പങ്കെടുക്കുന്നതിന് എത്തിയിരുന്ന അദ്ദേഹത്തിന്റെ അമ്മയും ബന്ധുമിത്രാദികളും, അദ്ദേഹം അംഗമായിരുന്ന വിശുദ്ധ എജീദിയോയുടെ സമൂഹത്തിന്റെ പ്രതിനിധികളും ഉൾപ്പടെയുള്ള തീർത്ഥാടകരെ വത്തിക്കാനിൽ സ്വീകരിച്ച് സംബോധന ചെയ്യുകയായിരുന്നു പാപ്പാ.കോംഗൊ സ്വദേശിയായിരുന്ന 26 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ഫ്ലോറിബെർത്ത് അഴിമതിയെ ചെറുത്തതിന്റെ ഫലമായി 2007 ജൂലൈ 8ന് ഗോമയിൽ വച്ച് വധിക്കപ്പെട്ടത് അനുസ്മരിച്ച പാപ്പാ, നിലവിലുണ്ടായിരുന്ന മനോഭാവത്തിൽ വേരൂന്നിയതും ഏത് അക്രമത്തിനും പ്രാപ്തിയുള്ളതുമായ അഴിമതിയെ ചെറുക്കാനുള്ള അദ്ദേഹത്തിന്റെ ശക്തി പ്രാർത്ഥനയിലൂടെയും ദൈവവചന ശ്രവണത്തിലൂടെയും സഹോദരങ്ങളുമായുള്ള കൂട്ടായ്മയിലൂടെയും രൂപപ്പെട്ട ഒരു മനസ്സാക്ഷിയിൽ പക്വത പ്രാപിച്ചതാണെന്ന് വിശദീകരിച്ചു. യുദ്ധം മൂലം തെരുവുകളിലായവരും




അനാഥരായവരും നിന്ദിതരുമായ കുട്ടികളുടെ കാര്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തിയിരുന്ന ഫ്ലോറിബെർത്ത് ബ്വാന ചുയി. അവർക്ക് മാനവികവും ക്രിസ്തീയവുമായ ശിക്ഷണം നല്കിയതോടൊപ്പം ക്രിസ്തുവിന്റെ സ്നേഹം പകർന്നു കൊടുത്തുവെന്നും പ്രാർത്ഥനയോടും പാവപ്പെട്ടവരോടുമുള്ള വിശ്വസ്തതയിൽ ഫ്ലോറിബെർത്തിന്റെ ശക്തി വളരുകയായിരുന്നുവെന്നും പാപ്പാ പറഞ്ഞു. തിന്മയ്ക്ക് അടിയറവ് പറയാതിരുന്ന ആ യുവാവ് സുവിശേഷവചനത്താലും കർത്താവിന്റെ സാമീപ്യത്താലും പോഷിതനായിരുന്നു. അല്മായരുടെയും യുവജനത്തിന്റെയും സാക്ഷ്യത്തിന്റെ വിലയേറിയ മൂല്യം എടുത്തുകാട്ടുന്ന ഫ്ലോറിബെർത്ത്. മോശം ഭക്ഷ്യവസ്തുക്കൾ കടത്തിവിടാൻ അനുവദിക്കുന്നതിനായി കോഴനല്കാൻ ശ്രമിച്ചപ്പോൾ അതിനു വഴങ്ങാതിരുന്ന കസ്റ്റംസ് ഉദ്യോഗസ്ഥനായിരുന്ന ഫ്ലോറിബെർത്തിനെ അജ്ഞാതർ തട്ടിക്കൊണ്ടുപോയി വധിക്കുകയായിരുന്നു.

**നാമകരണ നടപടികൾ തുടങ്ങി**

വിശുദ്ധരുടെ നാമകരണം സംബന്ധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ലിയോ പതിനാലാമൻ പാപ്പാ സാധാരണ പൊതു കൺസിസ്റ്ററി സമ്മേളനം വിളിച്ചുചേർത്തു. തദവസരത്തിൽ, കത്തോലിക്കാ സഭയിൽ വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസിനെ കൂടാതെ മറ്റ എട്ട് വാഴ്ത്തപ്പെട്ടവരെകൂടി വിശുദ്ധപദവിയിലേക്ക് ഉയർത്തുവാൻ തീരുമാനിച്ചു.കഴിഞ്ഞ കൺസിസ്റ്ററിയുടെ അവസരത്തിൽ വിശുദ്ധ പദവിയിലേക്ക് ഉയർത്തുവാൻ തീരുമാനിച്ച ഡൊമിനിക്കൻ മൂന്നാം ഓർഡർ അംഗമായ വാഴ്ത്തപ്പെട്ട പിയർ ജോർജോ ഫ്രസാത്തിയെയും, വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസിനെയും വരുന്ന സെപ്റ്റംബർ ഏഴാം തീയതി വിശുദ്ധരായി നാമകരണം ചെയ്യും. ജൂൺ പതിമൂന്നിനു നാമകരണ പട്ടികയിൽ പേര് ചേർക്കപ്പെട്ട, മാർഡിനിലെ അർമേനിയൻ ആർച്ച്ബിഷപ്പും രക്ത

സാക്ഷിയുമായ ഇഗ്നാസിയോ ചൗക്രുല്ല മാലോയാൻ, അത്മായനും മതാധ്യാപകനും രക്തസാക്ഷിയുമായ പീറ്റർ ട്ടോ റോട്ട്, വെറോണയിലെ ജീവകാരുണ്യ സന്യാസിനി സമൂഹത്തിന്റെ സ്ഥാപക വിൻചെൻസ മരിയ പൊളോണി, യേശുദാസി സന്യാസിനി സമൂഹത്തിന്റെ സ്ഥാപക മരിയ ദെൽ മോന്തേ കാർമേലോ റെൻഡിലെസ് മാർതിനെസ്, ക്രിസ്ത്യാനികളുടെ സഹായിയായ മറിയത്തിന്റെ പുത്രിമാരുടെ സഭാ അംഗമായ മരിയ ത്രോൺകാത്തി, അത്മായനായ ഹോസെ ഗ്രിഗോറിയോ ഹെർണാണ്ടസ് ചിസ്നെറോസ്, അത്മായനായ ബാർത്തൊളോ ലോൻഗോ എന്നിവരെ 2025 ഒക്ടോബർ പത്തൊൻപതാം തീയതി വിശുദ്ധരായി പ്രഖ്യാപിക്കും.

**പ്രത്യാശയുടെ തീ നാമ്പുകൾ**

ലോകസമാധാനത്തിനായുള്ള പരിശ്രമങ്ങളുമായി മുന്നോട്ടുനീങ്ങുന്ന ലിയോ പതിനാലാമൻ പാപ്പാ, മഹാത്മാഗാന്ധിയുടെ കൊച്ചുമകൻ തുഷാർ ഗാന്ധിയുൾപ്പെടെയുള്ളവർ അംഗങ്ങളായ 'പ്രത്യാശയുടെ തീനാമ്പുകൾ' എന്ന സംഘടനയുടെ പ്രതിനിധികളെ വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ അനുവദിച്ച പൊതുകൂടിക്കാഴ്ച്ചാ വേളയിൽ അഭിവാദ്യം ചെയ്തു. സംഘടനയുടെ 'സമാധാനത്തിന്റെ തീർത്ഥാടനം' എന്ന പ്രത്യേക പരിപാടിയുടെ ഭാഗമായി റോമിൽ നടന്ന സമ്മേളനത്തിനായി എത്തിയതായിരുന്നു ഇവർ. 'പ്രത്യാശ 80' (HOPE80) എന്ന് പേരിട്ട സമാധാനത്തിന്റെ തീർത്ഥാടനത്തിൽ, മുൻപ് എതിർചേരികളിലായിരുന്ന നേതാക്കളുടെ കൊച്ചുമക്കളാണുള്ളത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ എൺപത് വർഷങ്ങൾ അനുസ്മരിച്ചുകൊണ്ടുകൂടിയാണ് ഇത്തരമൊരു പേര് സമാധാനം പ്രോത്സാഹിപ്പിക്കാൻവേണ്ടിയുള്ള ഈ സംരംഭത്തിന് നൽകപ്പെട്ടത്. യാത്രയുടെ ഭാഗമായി സംഘടനയുടെ പ്രതിനിധികൾ റോം, ജെറുസലേം, ഹിരോഷിമ, ന്യൂയോർക്ക്, ഒസാക്കയിലെ എക്സ്പോ എന്നിവിടങ്ങൾ സന്ദർശിക്കും. സമാധാനത്തിനായുള്ള അന്താരാഷ്ട്രദിനം ആചരിക്കുന്ന സെപ്റ്റംബർ 21നായിരിക്കും സമാധാനത്തിന്റെ തീർത്ഥാടനം അവസാനിക്കുക. നാസി നേതൃത്വത്തിന് കീഴിൽ പ്രവർത്തിച്ച അമോൻ ഗോത്തിന്റെ കൊച്ചുമകളായ ജെന്നിഫർ റ്റീജ്, രാഷ്ട്രതന്ത്രജ്ഞനായ ചർച്ചിലിന്റെ കൊച്ചുമകൾ ലൂസി സാൻഡിസ്, ജപ്പാൻ മുൻ പ്രധാനമന്ത്രി ഹിഡെക്കി ടോജോയുടെ കൊച്ചുമകൾ ഹിഡെറ്റോഷി ടോജോ, മഹാത്മാഗാന്ധിയുടെ കൊച്ചുമകൻ തുഷാർ ഗാന്ധി, 'യൂറോപ്പിലെ സമാധാനത്തിനായി മതങ്ങൾ' എന്ന സംഘടനയുടെ പ്രെസിഡന്റ് ലൂയിജി ദേ സാൽവിയ തുടങ്ങിയവരും പാപ്പായുടെ പൊതുകൂടിക്കാഴ്ച്ചയിൽ സംബന്ധിച്ചു. ലിയോ പതിനാലാമൻ പാപ്പായുടെ പ്രഭാഷണങ്ങൾ, പ്രത്യാശ പകരുന്നവയാണെന്നും ആ സ്വരം കൂടുതൽ ശക്തമായി അത് കേൾക്കപ്പെടേണ്ടയിടങ്ങളിൽ എത്തട്ടേയെന്നും തുഷാർ ഗാന്ധി വത്തിക്കാൻ മീഡിയയോട് പറഞ്ഞു. കൂടുതൽ സുരക്ഷിതമായ ഒരു ലോകത്തിനായാണ് യുദ്ധങ്ങളെന്ന പഴയ യുദ്ധതന്ത്രത്തിനെതിരെയുള്ള തന്റെ അഭിപ്രായം അദ്ദേഹം വ്യക്തമാക്കി. ഇസ്രായേൽ, ഇറാൻ സംഘർഷങ്ങളുടെ കൂടി പശ്ചാത്തലത്തിൽ സംസാരിച്ച അദ്ദേഹം യുദ്ധങ്ങൾ ഒരു കച്ചവടമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ടു. എത്ര ദുർബലമാണെങ്കിലും സത്യത്തിന്റെ സ്വരം പ്രധാനപ്പെട്ടതാണെന്ന്, മഹാത്മാ ഗാന്ധിയെ ഉദ്ധരിച്ചുകൊണ്ട് തുഷാർ ഗാന്ധി പ്രസ്താവിച്ചു. ❍

# ദൈവം വസിക്കുന്ന ആലയങ്ങളാകണം നാം



**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



പരിശുദ്ധാത്മാവിനെ സ്വീകരിച്ചാൽ വിശ്വാസിക ളിൽ ദൈവത്തിന്റെ വാസം ഉറപ്പാകുമെന്നു പഠിപ്പിച്ച ഈശോയുടെ തിരുവചനങ്ങൾ അടിസ്ഥാനമാക്കുന്ന വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ പതിനാലാം അദ്ധ്യായം 23 മുതൽ 29 വരെയുള്ള ഭാഗത്തെ അടി സ്ഥാനമാക്കി പരി.പിതാവ് ലിയോ പാപ്പ 2025 മെയ് 25 ന് പ്രബോധനം നൽകി. നമ്മുടെ വിശ്വാസ പ്രയാ ണത്തിലും ജീവിത വഴികളിലും തുടങ്ങി പല അവസരങ്ങളിലും കർത്താവ് നമ്മെ വിളിക്കു ന്നയിടങ്ങളിലെല്ലാം നാം സ്വയം അപര്യാപ്തരാണെന്ന് പലപ്പോഴും തോന്നി പിന്നോട്ട് പോകും എന്നാൽ നമ്മുടെ കഴിവുകളിലേക്കല്ല മറിച്ച് പരിശുദ്ധാത്മാവ് നമ്മെ നയിക്കു മെന്നും എല്ലാ കാര്യങ്ങളും നമ്മെ പഠിപ്പിക്കുമെന്നുമുള്ള ഉറപ്പിൽ നമ്മെ തിരഞ്ഞെടുത്ത കർത്താവിന്റെ കരുണയിലേക്കാണ് നാം നോക്കേണ്ടതെന്ന് സുവിശേഷത്തെ ആധാ രമാക്കി പാപ്പ പഠിപ്പിച്ചു.

**ജീവൻ ദൈവാലയമാകുന്നു**

ദുഃഖത്തിലും ആകുലതയിലും നിറഞ്ഞ ശിഷ്യരോട് ഈശോ പറയുന്നത്: 'നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട; നിങ്ങൾ ഭയപ്പെടുകയും വേണ്ട' (യോഹ:14:27) എന്നാണ്. ഈശോയുടെ സ്നേഹത്തിൽ നിലനിന്നാൽ ഈശോ നമ്മിൽ വസിക്കുകയും നമ്മുടെ ജീവൻ ദേവാലയമായി മാറുകയും മറ്റുള്ളവർക്ക് ആശ്രയിക്കാനും മറ്റുള്ളവരിലേക്ക് എത്തിച്ചേരാനും ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലേക്കും പ്രകാശം വീശാനും സാധി ക്കുന്ന വിധം ഈശോയുടെ സ്നേഹം നമ്മെ പ്രോജ്ജ്വലിപ്പിക്കുകയും ശക്തിപ്പെടുത്തുകയും നമ്മുടെ ചിന്താരീതികളിലും തിരഞ്ഞെടുപ്പുകളിലും തീരുമാനങ്ങളിലും ഈശോ സന്നിഹി തനായിരിക്കുകയും ചെയ്യും എന്നാണ് ലിയോ പാപ്പ പഠിപ്പിക്കുന്നത്. ലിയോ പാപ്പാ തുടർ ന്ന് പഠിപ്പിക്കുന്നത് നമ്മിൽ വസിച്ചു കൊണ്ട് നമ്മെ കൈപിടിച്ച് നടത്തുകയും നമ്മുടെ അനുദിന ജീവിതത്തിൽ പോലും ദൈവത്തിന്റെ സാമിപ്യവും സാന്നിധ്യവും ശക്തിയും അനുഗ്രഹവും കരുണയും തുടങ്ങി എല്ലാ ദൈവിക നന്മകളും അനുഭവിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ദാനമാണ് ദൈവത്തിന്റെ നമ്മിലു



ള്ള വാസം. അതാണ് നമ്മൾ ദൈവം വസിക്കുന്ന ആലയങ്ങൾ ആയി മാറുക എന്ന് പറഞ്ഞാൽ മനസ്സിലാക്കേണ്ടത്.

**<u>ദൈവവിളിയെ ശക്തിപ്പെടുത്തുന്നവൻ</u>**

നമ്മുടെ വിളിയെയും ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വ്യക്തിത്വത്തെയും ദൗത്യങ്ങളെയും യാഥാർഥ്യങ്ങളെയും ശുശ്രൂഷയെയും തിരിച്ചറിയുമ്പോൾ ദുർബലരാണ് നാം എന്ന ചിന്തയോടെ പലപ്പോഴും പിൻവലിയുവാൻ ശ്രമിക്കുന്നവരാണ് നമ്മൾ. അത് മാനുഷികമാണ്. എന്നാൽ കർത്താവ് എന്റെ മാനുഷിക കുറവുകളെ കുറിച്ച് ലജ്ജിക്കുന്നവനല്ല, മറിച്ച് അവൻ എന്നിൽ വാസമാകാൻ വേണ്ടി എന്നെ ഉയർത്തുന്നവനാണ് എന്ന ബോധ്യം നമുക്ക് ശക്തമായി ഉണ്ടാവണം. ഇത് മനോഹരവും ദൈവി കവുമായ സത്യമാണ്. തന്റെ ആത്മാവിനാൽ എന്നെ അനുഗമിക്കുകയും എന്നെ പ്രബോധിപ്പിക്കുകയും മറ്റുള്ളവർക്കും സമൂഹത്തിനും ലോകത്തിനുമായുള്ള തന്റെ സ്നേഹത്തിന്റെ ഉപകരണമാക്കി അവൻ നമ്മെ മാറ്റുകയും ചെയ്യുന്നുവെന്ന ഉറച്ച ബോധ്യത്തിലേക്ക് വളർത്തുന്ന ശക്തിയാണ് നമ്മിലുള്ള ദൈവാത്മാവിന്റെ സാന്നിദ്ധ്യം.

**ഉപസംഹാരം**

ദൈവം നൽകുന്ന സാന്നിദ്ധ്യമാകുന്ന വാഗ്ദാനം നമുക്ക് ദൈവത്തിന്റെ ആലയങ്ങളാകാനും ആ വിശ്വാസം നൽകുന്ന ശക്തിയിൽ മുന്നോട്ട് പോകാനും നമ്മെ പ്രാപ്തരാക്കുന്നു. നമ്മൾ എല്ലാവരും ദൈവത്തിന്റെ ആലയങ്ങളാണെന്ന ഉറച്ച ബോധ്യവും സഹനങ്ങളിലൂടെ കടന്നു പോകുന്നവരിലും പാവപ്പെട്ടവരിലും ചെറിയവരിലും ആണ് ദൈവസാന്നിദ്ധ്യം കൂടുതലായി വെളിപ്പെടുത്തുന്നതെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഈ സത്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് കൂടുതൽ സഹാനുഭൂതിയുള്ള ക്രൈസ്തവരാകുവാൻ വേണ്ടി നമുക്ക് നമ്മോട് തന്നെ ആവശ്യപ്പെട്ടു കൊണ്ടിരിക്കാം. അതുവഴി ദൈവസ്നേഹം എല്ലായിടങ്ങളിലും എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യാം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവത്തിന് സമർപ്പിക്കപ്പെട്ട് അവിടുത്തെ ആലയമായി മാറിയ പരിശുദ്ധ മറിയത്തെ പോലെ കർത്താവിനെ സ്വീകരിക്കുന്നതിനും അവന്റെ സ്നേഹത്തിന്റെ അടയാളവും ഉപകരണവുമായി മാറുന്നതിനുള്ള സന്തോഷം പരസ്പരം പങ്കുവയ്ക്കാനും അനുഭവിക്കാനും നമുക്ക് സാധിക്കട്ടെ പരിശുദ്ധ അമ്മയുടെ മധ്യസ്ഥത നമുക്ക് അപേക്ഷിക്കാം . ❍



# സാഹോദര്യത്തിന്റെ പാതകൾ

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 22**

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***



അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

163. നിങ്ങളുടെ ആത്മീയ വളർച്ച സർവോപരി പ്രകടമാകുന്നത് സാഹോദര്യമുള്ളതും ഉദാരവും കരുണാപൂർണ്ണവുമായ സ്നേഹത്തിലുള്ള നിങ്ങളുടെ വളർച്ചയിലാണ്. വിശുദ്ധ പൗലോസ് ഇങ്ങനെ പ്രാർത്ഥിച്ചു: "ഞങ്ങൾക്ക് നിങ്ങളോടുള്ള സ്നേഹം പോലെ നിങ്ങൾക്ക് തമ്മിൽത്തമ്മിലും മറ്റെല്ലാവരോടുമുള്ള സ്നേഹം വളർന്നു സമൃദ്ധമാകാൻ കർത്താവ് ഇടവരുത്തട്ടെ" (1 തെസ്. 3:12). നമ്മളിൽ നിന്നുതന്നെ പുറത്തുവരുക എന്ന ഈ "നിർവൃതി" അനുഭവിക്കുന്നതും നമ്മുടെ ജീവിതങ്ങൾ ബലി കഴിച്ചുകൊണ്ടുപോലും അന്യരുടെ നന്മ തേടുന്നതും എത്ര അത്ഭുത കരമായിരിക്കും.


164. ദൈവവുമായുള്ള ഒരു നേർക്കാഴ്ചയെ ഒരു "നിർവൃതി" എന്നു വിളിക്കുന്നതിന്റെ കാരണം അത് നമ്മളെ നമ്മളിൽ നിന്നുതന്നെ പുറത്തെടുക്കുകയും ഉയർത്തുകയും ദൈവത്തിന്റെ സ്നേഹവും സൗന്ദര്യവും നമ്മിൽകവിഞ്ഞൊഴുക്കുകയും ചെയ്യുന്നു എന്നതാണ്. എങ്കിലും, ദൈവത്തിന്റെ പ്രതിച്ഛായകളും പിതാവിന്റെ മക്കളും എന്നനിലയിൽ അന്യരിൽ ഒളിഞ്ഞിരിക്കുന്ന സൗന്ദര്യവും മഹത്ത്വവും പ്രതാപവും തിരിച്ചറിയുമ്പോഴും

നമുക്ക് നിർവൃതി അനുഭവിക്കാൻ കഴിയും, നാം നമ്മിൽ നിന്ന് പുറത്തുകടന്ന് സ്നേഹപൂർവം ആന്യരെ ആശ്ലേഷിക്കണമെന്നും അവരുടെ നന്മ തേടണമെന്നും പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് വിശ്വാസത്തിൽ ഒന്നിച്ച് ജീവിക്കുന്നതും, നമ്മുടെ സമയവും വിശ്വാസവും ക്ലേശങ്ങളും മറ്റു യുവജനങ്ങളുമായി പങ്കുവയ്ക്കുന്നതും, സമൂഹത്തിൽ ജീവിച്ച് സ്നേഹം പ്രകടമാക്കുന്നതും എപ്പോഴും കൂടുതൽ നല്ലതായിരിക്കുന്നത്. നമ്മുടെ വിശ്വാസം സമൂഹത്തിൽ ജീവിക്കുന്നതിനുവേണ്ടി തിരുസഭ അനേകം വ്യത്യസ്ത സാധ്യതകൾ നൽകുന്നു. എന്തെന്നാൽ, ഒന്നിച്ച് ചെയ്യുമ്പോൾ എല്ലാ കാര്യങ്ങളും കൂടുതൽ എളുപ്പമാണ്.

165. നിങ്ങൾ അനുഭവിച്ച ക്ഷതങ്ങൾ, മറ്റുള്ളവരിൽ നിന്ന് പിൻവലിയാനും നിങ്ങളിലേക്കുതന്നെ തിരിയാനും ക്ഷോഭത്തിന്റെ വികാരങ്ങൾ വളർത്താനും, നിങ്ങളെ പ്രലോഭിപ്പിച്ചേക്കും. എന്നാൽ, ക്ഷമിക്കാനുള്ള ദൈവത്തിന്റെ വിളി ശ്രദ്ധിക്കുന്നത് ഒരിക്കലും അവസാനിപ്പിക്കരുത്. റുവാൻഡയിലെ മെത്രാന്മാർ അതു നന്നായി അവതരിപ്പിച്ചു: "മറ്റൊരു വ്യക്തിയുമായി രമ്യതപ്പെടാൻ, ആ വ്യക്തിയിലെ നന്മ, ദൈവം അയാളിൽ സൃഷ്ടിച്ച നന്മ, കാണാൻ ഏറ്റവുമാദ്യം നിങ്ങൾക്കു കഴിയണം. ഇതിന് കുറ്റത്തെ കുറ്റവാളിയിൽ നിന്നു വേർതിരിക്കാനുള്ള വലിയ പരിശ്രമം ആവശ്യമാണ്. അതിന്റെ അർത്ഥം ആ വ്യക്തി ചെയ്ത കുറ്റത്തെ നിങ്ങൾ വെറുക്കുന്നു വെന്നും അയാൾക്കു ദൗർബല്യമുണ്ടെങ്കിലും ആ വ്യക്തിയെ നിങ്ങൾ സ്നേഹിക്കുന്നുവെന്നുമാണ്. എന്തെന്നാൽ, അയാളിൽ നിങ്ങൾ ദൈവത്തിന്റെ പ്രതിച്ഛായ കാണുന്നു.

166. നമ്മളിൽത്തന്നെയും നമ്മുടെ പ്രശ്നങ്ങളിലും നമ്മുടെ മുറിപ്പെട്ട വികാരങ്ങളിലും നമ്മുട പരാതികളിലും തങ്ങിനിൽക്കാൻ നാം പ്രലോഭിപ്പിക്കപ്പെടുന്നതു കാരണം, നമ്മുടെ യുവത്വ ത്തിന്റെ എല്ലാ ഊർജ്ജവും സ്വപ്നങ്ങളും ഉത്സാഹവും കുറഞ്ഞുപോകുന്ന അവസരങ്ങൾ ഉണ്ട്. ഇത് നിങ്ങൾക്കു സംഭവിക്കാൻ അനുവദിക്കരുത്! നിങ്ങളുടെ സമയത്തിനുമുമ്പ് നിങ്ങൾ വൃദ്ധനാകും. ഓരോ പ്രായത്തിനും അതിന്റെ സൗന്ദര്യമുണ്ട്. നമ്മുടെ യൗവ്വനത്തിന്റെ വർഷങ്ങൾ, പങ്കുചേരുന്ന ആദർശങ്ങളും, പ്രത്യാശകളും സ്വപ്നങ്ങളും, ഒന്നിച്ച് ധ്യാനിക്കാൻ കഴിയുന്ന വലിയ ചക്രവാളങ്ങളും കൊണ്ട് മുദ്രിതമാകേണ്ടതാവശ്യമാണ്.

167. ദൈവം യുവജനങ്ങളുടെ ആനന്ദത്തെ സ്നേഹിക്കുന്നു. സാഹോദര്യക്കൂട്ടായ്മയുടെ ആനന്ദത്തിൽ, മറ്റുള്ളവരുമായി പങ്കുചേരുന്നവർ അനുഭവിക്കുന്ന ഉദാത്തമായ ആനന്ദത്തിൽ, പ്രത്യേകമായി അവർ പങ്കുചേരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. എന്തെന്നാൽ, "സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം' (അപ്പ. 20:35). "സന്തോഷപൂർവം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കോറി. 9:7), ആനന്ദം അനുഭവിക്കാനുള്ള നമ്മുടെ കഴിവിനെ സഹോദരസ്നേഹം വർദ്ധിപ്പിക്കുന്നു. എന്തെന്നാൽ, മറ്റുള്ളവരുടെ നന്മയിൽ അതു നമ്മെ ആഹ്ലാദിപ്പിക്കുന്നു: 'സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവിൻ; കരയുന്നവരോടുകൂടെ കരയുവിൻ" (റോമാ. 12:15). നിങ്ങളുടെ യുവത്വത്തിന്റെ ആത്മപ്രചോദിത്വം സാഹോദര്യസ്നേഹത്തിലും, ക്ഷമിക്കാനും ഉദാരമനസ്കരാകാനും സമൂഹം നിർമ്മിക്കാനും ഉള്ള നിരന്തരസന്നദ്ധതയിലും, വർദ്ധിച്ചതോതിൽ ആവിഷ്കാരം കണ്ടെത്തട്ടെ. ഒരു ആഫ്രിക്കൻ പഴഞ്ചൊല്ല് പറയുന്നതുപോലെ, "നിങ്ങൾ വേഗത്തിൽ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒറ്റയ്ക്ക് പോകുക. നിങ്ങൾ ദൂരെ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒന്നിച്ച് പോകുക." സാഹോദര്യം അപഹരിക്കപ്പെടാൻ, നമുക്കു നമ്മെത്തന്നെ അനുവദിക്കാതിരിക്കാം. ❍




# നാം എവിടെ മറന്നുവച്ചു, പാവങ്ങളെ കാണാനുള്ള കാരുണ്യത്തിന്റെ കണ്ണടകൾ?

**വാർത്ത**

**ആന്റണി ചടയംമുറി**

ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും കെ.എം. മാണി ധനമന്ത്രിയുമായിരിക്കെയാണ് 'കാരുണ്യ പദ്ധതി' ആരംഭിച്ചത്. കാരുണ്യ പദ്ധതിക്കായി ധനസമാഹരണം നടത്താൻ 'കാരുണ്യ' യുടെ പേരിൽ ആഴ്ചയിൽ ഒരു ഭാഗ്യക്കുറി കൂടി തുടങ്ങിയിരുന്നു സർക്കാർ. എന്നിട്ടും, കഴിഞ്ഞ ഏഴ് വർഷമായികാരുണ്യപദ്ധതിയിലേക്ക് പുതിയതായി കുടുംബങ്ങളെ ചേർക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവുന്നില്ല. 2018–ൽ 1052 രൂപ വാർഷിക പ്രീമിയമായി അടച്ചാൽ കാരുണ്യപദ്ധതിയുടെ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ലഭിക്കുമായിരുന്നു. 2018–ലാണ് കേന്ദ്ര സഹായം കൂടി ഉൾപ്പെടുത്തി 'കാസ്പ്' എന്ന പദ്ധതി രൂപീകരിച്ചത്. അന്നയോജന പദ്ധതിയിലെ മഞ്ഞ റേഷൻകാർഡുടമകളും പിങ്ക് റേഷൻകാർഡുകാരുമായി 41.99 ലക്ഷം കുടുംബങ്ങൾ ഈ പദ്ധതിയിൽ ചേർന്നു. എന്നാൽ 23.97 ലക്ഷം കുടുംബങ്ങളിൽ 60 ശതമാനത്തിനു മാത്രമേ കേന്ദ്രം ഫണ്ട് നൽകുന്നുള്ളൂ. ശേഷിച്ച 40 ശതമാനത്തിന് സംസ്ഥാനമാണ് ആനുകൂല്യങ്ങൾ നൽകേണ്ടത്. ഈ പദ്ധതി കേന്ദ്രസർക്കാർ ഹൈജാക്ക് ചെയ്തുവെന്ന് സംസ്ഥാന സർക്കാർ പരാതിപ്പെടുന്നു. ഈ തർക്കങ്ങളിൽ പെട്ടുപോകുന്നത് ദരിദ്ര കുടുംബങ്ങളാണ്. 2025–നവബർ 1 ന് കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്നും 138 പഞ്ചായത്തുകൾ വയോജന സൗഹൃദമാകുമെന്നും മുഖ്യമന്ത്രി ഇക്കഴിഞ്ഞ ജൂൺ 12ന് പ്രഖ്യാപിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ കണക്കിലും അതിദരിദ്രരുടെ എണ്ണം ഇന്ത്യയിൽ 34 കോടിയിൽ നിന്ന് 7.5 കോടിയാകുമെന്ന് പറയുന്നു. ഈ പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാകുമെന്ന് സ്വപ്നം കാണുന്നവർ നമുക്ക് ചുറ്റുമുള്ള ദരിദ്രരുടെ ജീവിതങ്ങളിലേക്ക് കണ്ണ് തുറന്നു നോക്കണേ.

**ചിന്ത**

മറ്റുള്ളവരെ വിലമതിക്കുകയും മറ്റുള്ളവരോട് ആദരം കാണിക്കുകയും ചെയ്യുന്നതുകൊണ്ട് കാരുണ്യം സമൂഹത്തിൽ ഒരു സംസ്കാരമായി തീരുന്നു.

**ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി– നമ്പർ 140)**

"ഉത്കൃഷ്ട ദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ" 1 കൊറി. 12:31



## കേരള കാരിസ് സർവ്വീസ് ഓഫ് കമ്മ്യൂണിയൻ (KCSC)

### എറണാകുളം സോണൽ

മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ

# മദ്ധ്യസ്ഥ പ്രാർത്ഥന വരദാന വളർച്ചാധ്യാനം

2025 **ജൂലൈ 7 തിങ്കൾ** രാവിലെ 9.30 മുതൽ

**9 ബുധൻ** വൈകീട്ട് 4.00 വരെ. കളമശ്ശേരി എമ്മാവൂസിൽ

നേതൃത്വം നൽകുന്നത്:



**റവ.ഫാ. ജോൺസൺ തൗണ്ടയിൽ**
(കെ.സി.എസ്.സി. കോ ഓർഡിനേറ്റർ)



**ബ്രദർ തോമസ് പോൾ**



**റവ.ഫാ. ബൈജു കുറ്റിക്കൽ**
(സോണൽ ആനിമേറ്റർ)

യേശുവിൽ പ്രിയമുള്ളവരേ,

കേരള കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി വർഷത്തിൽ പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഉചിതമായി ഉപയോഗിച്ച് പ്രാർത്ഥനാ കൂട്ടായ്മകളെ ആത്മാവിൽ ഉണർത്തി ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പണിതുയർത്തുവാൻ ഒരുക്കിയിരിക്കുന്ന ഈ ധ്യാനത്തിലേയ്ക്ക് ഏവരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. (ഫീസ് 700/- രൂപ, ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മാത്രം പ്രവേശനം)

**സിസിലി സെബാസ്റ്റ്യൻ**
(മിനിസ്ട്രി സെക്രട്ടറി)
9846965643

**വിൻസെന്റ് ആന്റണി**
(മിനിസ്ട്രി കോ ഓർഡിനേറ്റർ)
9895557275

**ജോമി നിക്കോളാസ്**
(സോണൽ കോൺടാക്റ്റ് പേഴ്സൺ, എറണാകുളം സോൺ)
9745200322

**പവി ആന്റണി**
(സോണൽ കോ ഓർഡിനേറ്റർ, എറണാകുളം സോൺ)
8590432547

**ബേബി പോൾ**
(സെൻട്രൽ മിനിസ്ട്രി കോ ഓർഡിനേറ്റർ)
7034521491

VATHICAN THARANGAM
RN 55178/94
Total Pages 24 Date of Publication 30-06-2025




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.